**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 495** **25-03-2025 - ൽ മറുപടിയ്ക്ക്**

**കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകക്കാരന്റെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ , ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. സജീവ് ജോസഫ്, ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷ നടത്തി കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തികയിൽ നിയമിച്ചയാളെ സ്ഥലംമാറ്റിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ കൂടൽമാണിക്യം ദേവസ്വം ആക്ടും, റഗുലേഷനും പ്രകാരം ക്ഷേത്രത്തിലെ കഴകം ജോലികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും, ഉത്തരവുകളും കാലാകാലങ്ങളിൽ നൽകിവരുന്നു. പ്രസ്തുത നിർദ്ദേശങ്ങളിൽ കഴകം തസ്തികയിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 2003-ൽ പുറപ്പെടുവിച്ച റഗുലേഷനിലെ നാലാം ഖണ്ഡിക പ്രകാരം 2 കഴകം പോസ്റ്റുകൾ ആണ് നിലവിലുള്ളത്. പ്രസ്തുത പോസ്റ്റിലേക്കുള്ള നിയമനം എങ്ങനെയായിരിക്കണമെന്ന് റഗുലേഷന്റെ 4-ാം ഖണ്ഡിക പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം 1025 + DA ശമ്പള സ്കെയിൽ ഉള്ള കഴകം തസ്തികയിലേക്ക് പാരമ്പര്യമായി തന്ത്രി നിർദ്ദേശിക്കുന്ന വ്യക്തിയേയും, 1300-1880 ശമ്പള സ്കെയിലുള്ള കഴകത്തെ നേരിട്ടുള്ള നിയമനം വഴി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമിക്കാമെന്നും ആണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br><br>ഒന്നാമത്തെ ശമ്പള സ്കെയിൽ പ്രകാരമുള്ള ഉദ്യോഗസ്ഥൻ നിലവിൽ കൂടൽമാണിക്യം ക്ഷേത്രത്തിലെ സേവനത്തിലില്ല. പ്രസ്തുത ജോലികൾ തന്ത്രിമാരുടെ നിർദ്ദേശമനുസരിച്ച് താൽക്കാലികക്കാരെ നിയമിച്ചാണ് ദേവസ്വം അഡ്മിനിസ്ട്രേറ്റർ നിർവ്വഹിച്ചുവരുന്നത്.<br><br>രണ്ടാമത്തെ കഴകം പോസ്റ്റിലേക്ക് 24.02.2025 തീയതിയിൽ റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമിതനായ ശ്രീ.ബാലു.ബി.എ എന്ന വ്യക്തി കഴകം ജോലി ചെയ്യുന്നതിലാണ് തന്ത്രിമാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടൽമാണിക്യം ദേവസ്വം റഗുലേഷൻ 4-ാം ഖണ്ഡിക പ്രകാരം രണ്ടാം കഴകം |

| | | | |
|---|---|---|---|
| | | | തസ്തികയിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമിതനായ വ്യക്തിതന്നെ അവിടെ നിഷ്കർഷിച്ചിരിക്കുന്ന ജോലി നിർവഹിക്കണമെന്നു തന്നെയാണ് സർക്കാർ നിലാപാട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൂടൽമാണിക്യം ദേവസ്വം ചെയർമാനും വ്യക്തമാക്കിയിട്ടുണ്ട്.<br><br>കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് പരീക്ഷ നടത്തി കൂടൽ മാണിക്യം ക്ഷേത്രത്തിലെ കഴകം 2 തസ്തികയിൽ നിയമിച്ച ശ്രീ ബാലു.ബി.എ യെ ദേവസ്വം ഓഫീസിൽ താത്ക്കാലികമായി നിയമിച്ച അഡ്മിനിസട്രേറ്ററുടെ നടപടിയിൽ അഡ്മിനിസ്ട്രേറ്ററോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്. |
| (ബി) | സമാനമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | സംസ്ഥാന സർക്കാർ കൂടൽമാണിക്യം ദേവസ്വം ആക്ട്ടും, റഗുലേഷനും പ്രകാരം ക്ഷേത്രത്തിലെ കഴകം ജോലികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും, ഉത്തരവുകളും കാലാകാലങ്ങളിൽ നൽകിവരുന്നു. പ്രസ്തുത നിർദ്ദേശങ്ങളിൽ കഴകം തസ്തികയിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 2003-ൽ പുറപ്പെടുവിച്ച റഗുലേഷനിലെ നാലാം ഖണ്ഡിക പ്രകാരം 2 കഴകം പോസ്റ്റുകൾ ആണ് നിലവിലുള്ളത്. പ്രസ്തുത പോസ്റ്റിലേക്കുള്ള നിയമനം എങ്ങനെയായിരിക്കണമെന്ന് റഗുലേഷന്റെ 4-ാം ഖണ്ഡിക പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം 1025 + DA ശമ്പള സ്കെയിൽ ഉള്ള കഴകം തസ്തികയിലേക്ക് പാരമ്പര്യമായി തന്ത്രി നിർദ്ദേശിക്കുന്ന വ്യക്തിയേയും, 1300-1880 ശമ്പള സ്കെയിലുള്ള കഴകത്തെ നേരിട്ടുള്ള നിയമനം വഴി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമിക്കാമെന്നും ആണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br><br>ഒന്നാമത്തെ ശമ്പള സ്കെയിൽ പ്രകാരമുള്ള ഉദ്യോഗസ്ഥൻ നിലവിൽ കൂടൽമാണിക്യം ക്ഷേത്രത്തിലെ സേവനത്തിലില്ല. പ്രസ്തുത ജോലികൾ തന്ത്രിമാരുടെ നിർദ്ദേശമനുസരിച്ച് താൽക്കാലികക്കാരെ നിയമിച്ചാണ് ദേവസ്വം അഡ്മിനിസ്ട്രേറ്റർ നിർവ്വഹിച്ചുവരുന്നത്.<br><br>രണ്ടാമത്തെ കഴകം പോസ്റ്റിലേക്ക് 24.02.2025 തീയതിയിൽ റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമിതനായ ശ്രീ.ബാലു.ബി.എ എന്ന വ്യക്തി കഴകം ജോലി ചെയ്യുന്നതിലാണ് തന്ത്രിമാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടൽമാണിക്യം ദേവസ്വം റഗുലേഷൻ 4-ാം ഖണ്ഡിക പ്രകാരം രണ്ടാം കഴകം തസ്തികയിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമിതനായ വ്യക്തിതന്നെ അവിടെ |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിരിക്കുന്ന ജോലി നിർവഹിക്കണമെന്നു തന്നെയാണ് സർക്കാർ നിലാപാട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൂടൽമാണിക്യം ദേവസ്വം ചെയർമാനും വ്യക്തമാക്കിയിട്ടുണ്ട്.<br><br>കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് പരീക്ഷ നടത്തി കൂടൽ മാണിക്യം ക്ഷേത്രത്തിലെ കഴകം 2 തസ്തികയിൽ നിയമിച്ച ശ്രീ ബാലു.ബി.എ യെ ദേവസ്വം ഓഫീസിൽ താത്ക്കാലികമായി നിയമിച്ച അഡ്മിനിസട്രേറ്ററുടെ നടപടിയിൽ അഡ്മിനിസ്ട്രേറ്ററോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ